LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലയിൽ ടൂറിസം വകുപ്പ് നടത്തുന്ന പദ്ധതികൾ

41 [3385] ശ്രീ. കെ. പി. രാജേന്ദ്രൻ:

" എം. കുമാരൻ:

" ബിനോയ് വിശ്വം:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മസ്ക്കറ്റ് ഹോട്ടൽ ഉൾപ്പെടെയുള്ള സ്റ്റാർ ഹോട്ടലുകളിലും കെ.ടി.ഡി.സി.-യുടെ കീഴിലുള്ള മറ്റു ഹോട്ടലുകളിലും നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) മസ്ക്കറ്റ് ഹോട്ടൽ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലയിലുള്ള ഏതെങ്കിലും ഹോട്ടലുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബേക്കൽ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ വഴി ബേക്കൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനും തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി വഴി തെന്മല പ്രദേശത്തിന്റെ ടൂറിസം വികസനവും, കെ.റ്റി.ഡി.സി ടൂറിസം രംഗത്തെ വാണിജ്യ സ്വഭാവമുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) മസ്ക്കറ്റ് ഹോട്ടൽ പഞ്ചനക്ഷത്ര പദവിയിലേക്ക് ഉയർത്തുക, കോവളത്തുള്ള ഹോട്ടൽ സമുദ്രയുടെ പുനരുദ്ധാരണം നടത്തി മികച്ച ഒരു ബീച്ച് റിസോർട്ടായി നിലനിർത്തുക, ഹോട്ടൽ ചൈത്രത്തിന്റെ അറ്റകുറ്റപണികൾ തീർത്ത് അതിനെ ഒരു രണ്ട് നക്ഷത്ര ഹോട്ടലായി മാറ്റുക, രാത്രി നിവാസികളുടെ പുനരുദ്ധാരണം മുതലായവയാണ് ഇപ്പോൾ നടത്തിവരുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ. -

(സി) ലാഭകരമല്ല.

(ഡി) ഇല്ല.